**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6613** **11-07-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയിൽ ഇൻഡസ്ട്രി കണക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര മേഖലയിലെ പുത്തൻ പ്രവണതകളും ആകർഷണങ്ങളും സംരംഭകർക്ക് പരിചയപ്പെടുത്തുന്നതിനായി ഇൻഡസ്ട്രി കണക്ട് എന്ന സംവിധാനം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ടൂറിസം മേഖലയിലെ സ്റ്റേക്ക് ഹോൾഡേഴ്സുമായി നിരന്തരം ബന്ധപ്പെടുന്നതിനും ചർച്ച ചെയ്യുന്നതിനുമായി ഇൻഡസ്ട്രി കണക്ട് മീറ്റിംഗുകൾ വിളിച്ചു ചേർക്കാറുണ്ട്. അവസാനമായി മീറ്റിംഗുകൾ കൂടിയത് 20.06.2024, 06.07.2024 എന്നീ തീയതികളിലാണ്. പ്രസ്തുത മീറ്റിംഗുകളിൽ സംസ്ഥാനത്തെ ടൂറിസം വികസനത്തെയും, ആഭ്യന്തര അന്താരാഷ്ട്ര മാർക്കറ്റുകളിലുള്ള നൂതന പ്രവണതകളെയും കുറിച്ച് ചർച്ച ചെയ്ത് അതിനനുസരിച്ച് പ്രചരണതന്ത്രങ്ങൾ ആവിഷ്കരിക്കുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി അന്താരാഷ്ട്ര തലത്തിൽ മാർക്കറ്റിംഗ് കാമ്പയിൻ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ടൂറിസം മേഖലയിലെ സ്റ്റേക്ക് ഹോൾഡേഴ്സുമായി നിരന്തരം ബന്ധപ്പെടുന്നതിനും ചർച്ച ചെയ്യുന്നതിനുമായി ഇൻഡസ്ട്രി കണക്ട് മീറ്റിംഗുകൾ വിളിച്ചു ചേർക്കാറുണ്ട്. അവസാനമായി മീറ്റിംഗുകൾ കൂടിയത് 20.06.2024, 06.07.2024 എന്നീ തീയതികളിലാണ്. പ്രസ്തുത മീറ്റിംഗുകളിൽ സംസ്ഥാനത്തെ ടൂറിസം വികസനത്തെയും, ആഭ്യന്തര അന്താരാഷ്ട്ര മാർക്കറ്റുകളിലുള്ള നൂതന പ്രവണതകളെയും കുറിച്ച് ചർച്ച ചെയ്ത് അതിനനുസരിച്ച് പ്രചരണതന്ത്രങ്ങൾ ആവിഷ്കരിക്കുന്നു. |
| (സി) | സംസ്ഥാനത്ത് സംഘടിപ്പിച്ച ടൂറിസം നിക്ഷേപക സംഗമത്തിന്റെ ഭാഗമായി നടപ്പാക്കുവാൻ ധാരണയായിട്ടുള്ള പ്രധാന പദ്ധതികൾ ഏതൊക്കെ; വിശദമാക്കുമോ; | (സി) | ടൂറിസം നിക്ഷേപ സംഗമത്തിൽ താമര ലിഷർ എക്സ്പീരിയൻസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി 250 കോടി രൂപയുടെ പദ്ധതിക്കായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്.<br><br>നിക്ഷേപക സംഗമത്തിൽ അവതരിപ്പിക്കപ്പെട്ട ബേക്കൽ റിസോർട്ട് & കൺവെൻഷൻ സെന്റർ / എന്റർടെയിൻമെന്റ് സെന്റർ പദ്ധതി പൊതു സ്വകാര്യ |

| | | | |
|---|---|---|---|
| | | | പങ്കാളിത്ത മാതൃകയിൽ നടപ്പാക്കുന്നതിനു M/s Morex Group - മായി ലൈസൻസ് എഗ്രിമെന്റ് ഒപ്പുവച്ചുകൊണ്ട് തുടക്കമിട്ടിട്ടുണ്ട്. കൂടാതെ ഫൈവ് സ്റ്റാർ റിസോർട്ട് ചെമ്പരിക്ക, ശാന്തിഗ്രാം ഇക്കോട്ടൂറിസം & വെൽനസ് റിസോർട്ട് പദ്ധതി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുവാൻ ധാരണയായിട്ടുള്ളതാണ്. ഇതിൽ ശാന്തിഗ്രാം ഇക്കോട്ടൂറിസം & വെൽനസ് റിസോർട്ട് പദ്ധതി സർക്കാരിന്റെ K-SWIFT സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് നടപ്പാക്കുന്നതിനുള്ള പ്രാഥമിക നടപടികളും ആരംഭിച്ചിട്ടുണ്ട്. വിവിധ പദ്ധതികൾക്കായുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, ലാന്റ് സർവ്വേ തുടങ്ങിയ പ്രാരംഭ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതികളിൽ ഏതെങ്കിലും ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ? | (ഡി) | ടൂറിസം നിക്ഷേപ സംഗമത്തിൽ താമര ലിഷർ എക്സ്പീരിയൻസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി 250 കോടി രൂപയുടെ പദ്ധതിക്കായി ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്.<br><br>നിക്ഷേപക സംഗമത്തിൽ അവതരിപ്പിക്കപ്പെട്ട ബേക്കൽ റിസോർട്ട് & കൺവെൻഷൻ സെന്റർ / എന്റർടെയിൻമെന്റ് സെന്റർ പദ്ധതി പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ നടപ്പാക്കുന്നതിനു M/s Morex Group - മായി ലൈസൻസ് എഗ്രിമെന്റ് ഒപ്പുവച്ചുകൊണ്ട് തുടക്കമിട്ടിട്ടുണ്ട്. കൂടാതെ ഫൈവ് സ്റ്റാർ റിസോർട്ട് ചെമ്പരിക്ക, ശാന്തിഗ്രാം ഇക്കോട്ടൂറിസം & വെൽനസ് റിസോർട്ട് പദ്ധതി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുവാൻ ധാരണയായിട്ടുള്ളതാണ്. ഇതിൽ ശാന്തിഗ്രാം ഇക്കോട്ടൂറിസം & വെൽനസ് റിസോർട്ട് പദ്ധതി സർക്കാരിന്റെ K-SWIFT സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് നടപ്പാക്കുന്നതിനുള്ള പ്രാഥമിക നടപടികളും ആരംഭിച്ചിട്ടുണ്ട്. വിവിധ പദ്ധതികൾക്കായുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, ലാന്റ് സർവ്വേ തുടങ്ങിയ പ്രാരംഭ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ